LIBRARY ARCHIVES Kerala Legislative Assembly

സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ

32 [463] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഇപ്പോൾ ഫണ്ട് അനുവദിക്കുന്നുണ്ടോ;

(ബി) വടകര, തോടന്നൂർ ബ്ലോക്കുകളിൽ എത്ര അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽ ജനറൽ ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽപ്പെട്ട അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തുക സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും ഇപ്പോൾ നൽകുന്നില്ല. അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് അംഗൻവാടി കെട്ടിടം പണിയുടെ ഉത്തരവാദിത്വം. എന്നാൽ ലോകബാങ്ക് സഹായത്തോടുകൂടിയുള്ള 80 ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും അംഗൻവാടി കെട്ടിടം പണിക്ക് തുക നൽകുന്നുണ്ട്. ഇതിൽ നിന്നും 2003-04 സാമ്പത്തിക വർഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ലോകബാങ്കിന്റെ ധന സഹായ പദ്ധതിയനുസരിച്ച് വടകര ബ്ലോക്കിൽപ്പെട്ട അഞ്ച് അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് തുക അനുവദിച്ചിട്ടുണ്ട്. തോടന്നൂർ ബ്ലോക്കിൽ കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടില്ല.

അംഗൻവാടി കെട്ടിട നിർമ്മാണം

33 [464] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ശിശുവികസന പദ്ധതി പ്രകാരമുള്ള അംഗൻവാടികെട്ടിട നിർമ്മാണം പൂർത്തിയാകാത്തതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിയിൽ എത്ര അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിച്ചു; നിർമ്മാണം തുടങ്ങാത്തവ എത്ര; പൂർത്തീകരിക്കാനുള്ളവ എത്ര എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ;

(സി) പൂർത്തിയാകാത്ത അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കാൻ എടുത്തു വരുന്ന നടപടികൾ വിശദമാക്കുമോ?